"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് (KSDC) ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷനിൽ (NSFDC) നിന്നും വായ്പ ലഭിക്കുന്നതിന് 150 കോടി രൂപയുടെ അധിക സർക്കാർ ഗ്യാരണ്ടി 5 വർഷത്തേക്ക് വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്**

സ.ഉ.(കൈ) നം.1/2025/SCSTD തീയതി,തിരുവനന്തപുരം, 04-01-2025

---

പരാമർശം:- 1. സ.ഉ (കൈ) നം.21/2020/പജപവവിവ. തീയതി :13-08-2020.

2. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 22-03-2024 ലെ ബി3 - 850/2011 നമ്പർ കത്ത്.

**ഉത്തരവ്**

ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷൻ (NSFDC) നൽകുന്ന വായ്പകൾ, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ (KSDC) വിവിധ പദ്ധതികളിലായി സംസ്ഥാനത്തെ ഗുണഭോക്താക്കൾക്ക് പുനർവായ്പയായി നൽകുകയും NSFDC-യുടെ കടബാധ്യത നിശ്ചിത ശതമാനം പലിശ സഹിതം ത്രൈമാസ ഗഡുക്കളായി അടച്ചു തീർക്കുകയും ചെയ്യുന്നുവെന്നും, NSFDC നൽകുന്ന മൊത്തം വായ്പാ തുകയ്ക്ക് തുല്യമായ സംഖ്യയ്ക്ക് കോർപ്പറേഷന് സംസ്ഥാന സർക്കാർ ഗ്യാരണ്ടി ലഭ്യമാക്കാറുണ്ടെന്നും, NSFDC ഫണ്ടുകളുടെ ഉയർന്ന തോതിലുള്ള ഉപയോഗം നിമിത്തം KSDC കഴിഞ്ഞ കുറെ വർഷങ്ങളായി വിതരണം ചെയ്യുന്ന വായ്പയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിരിക്കുന്നു എന്നും, ആയതിനാൽ സർക്കാർ നൽകുന്ന ഗ്യാരണ്ടി തുകയിൽ കാര്യമായ വർദ്ധനവ് ഉണ്ടായാൽ മാത്രമേ ഗുണഭോക്താക്കളുടെ വർദ്ധിച്ചുവരുന്ന വായ്പാ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയൂ എന്നതിനാൽ, എൻ.എസ്.എഫ്.ഡി.സി യുടെ പേരിൽ സംസ്ഥാന സർക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷന്

നൽകിയിട്ടുള്ള ഗ്യാരണ്ടി തുക 250 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനുവേണ്ടി ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷനുള്ള സർക്കാർ ഗ്യാരണ്ടി തുക പരാമർശം(1) പ്രകാരം 100 കോടി രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിരുന്നു. NSFDC ഫണ്ടുകളുടെ ഉയർന്ന തോതിലുള്ള ഉപയോഗം നിമിത്തം KSDC കഴിഞ്ഞ കുറെ വർഷങ്ങളായി വിതരണം ചെയ്യുന്ന വായ്പയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിരിക്കുന്ന പശ്ചാത്തലത്തിൽ, ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷനിൽ (NSFDC) നിന്നും വായ്പ ലഭിക്കുന്നതിന് കേരള സംസ്ഥാന പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷന് (KSDC) 150 കോടി രൂപയുടെ അധിക സർക്കാർ ഗ്യാരണ്ടി, 5 വർഷത്തേക്ക് (ആകെ 250 കോടി രൂപ) ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ഗ്യാരണ്ടി ആക്റ്റ് പ്രകാരവും , സ.ഉ. (എം.എസ്) 487/04/ധന തീയതി: 16.10.2004 പ്രകാരവും 0.75% നിരക്കിൽ ഗ്യാരണ്ടി കമ്മീഷൻ തുക സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

ii. 16.10.2004-ലെ സർക്കാർ ഉത്തരവിലെ നിബന്ധന 5 പ്രകാരം വൈകിയ അടവുകൾക്ക് 12% സാധാരണ പലിശ ഈടാക്കുന്നതാണ്.

iii. പിഴപ്പലിശ ഉണ്ടെങ്കിൽ അതുൾപ്പെടെ ഗ്യാരണ്ടി കമ്മീഷൻ തുക അടച്ച ചെലാൻ രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ഗ്യാരണ്ടി തുക, ബാക്കി നിൽക്കുന്ന തുക, ഗ്യാരണ്ടി കമ്മീഷൻ തുക എന്നിവയുടെ വിവരങ്ങൾ (Calculation Statement സഹിതം) ഉൾപ്പെടുത്തിയ അർദ്ധ വാർഷിക റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കേണ്ടതാണ് .

iv. ഉടമ്പടി ഒപ്പു വയ്ക്കുന്നതിന് മുമ്പ് ബാക്കി അടയ്ക്കാനുള്ള ഗ്യാരണ്ടി കമ്മീഷൻ തുക മാനേജിംഗ് ഡയറക്ടർ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

v. ഗ്യാരണ്ടി ആക്റ്റ് പ്രകാരം കമ്മിഷൻ ഒഴിവാക്കാൻ കഴിയാത്തതിനാൽ ഗ്യാരണ്ടി കമ്മീഷന്റെ കൃത്യമായ അടവ് ഉറപ്പ് വരുത്തുന്നതിലേയ്ക്കായി സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട ഗ്യാരണ്ടി കമ്മീഷൻ തുക അടച്ചതിന്റെ ത്രൈമാസ റിപ്പോർട്ട് മാനേജിംഗ് ഡയറക്ടർ കാലവിളംബം കൂടാതെ സമർപ്പിക്കേണ്ടതാണ്.

vi. ഗ്യാരണ്ടി ഉടമ്പടിയിൽ സർക്കാർ ഉത്തരവിന്റെ നമ്പർ, സർക്കാർ ഗ്യാരണ്ടിയുടെ തീയതി, ഗ്യാരണ്ടി തുക, എത്ര വർഷത്തേയ്ക്കാണ് ഗ്യാരണ്ടി നൽകുന്നത്, KCGG Act, 2003 (as amended through Finance Act.2, 2022) അനുസരിച്ച് സീലിംഗ് പരിധി എന്നിവ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പുനീത് കുമാർ ഐ എ എസ
അഡീഷണൽ ചീഫ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, തൃശ്ശൂർ

ചെയർമാൻ കം മാനേജിംഗ് ഡയറക്ടർ, ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷൻ, ന്യൂഡൽഹി (കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ് ) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (13/11/2024-ലെ 1146173/PU-B3/23/2019/Fin പ്രകാരം)

പൊതുഭരണ (എസ്.സി വകുപ്പ്)

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി.ആർ.ഡി.

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Shameem Muhammed B M
Date: 04-01-2025 11:14:27
സെക്ഷൻ ഓഫീസർ

പകർപ്പ്-1)ബഹു:പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കവിഭാഗക്ഷേമവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

2)പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 01-01-2025

ഫയൽ നം. സി1/277/2022/പജുപവവിവ. ഇനം നം: 2594

വിഷയം : പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് - ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷനിൽ നിന്നും (NSFDC) വായ്പ ലഭിക്കുന്നതിനായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് (KSDC) നൽകിയിട്ടുള്ള ഗ്യാരണ്ടി തുക വർദ്ധിപ്പിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

Saradaly

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്.

03/01/2025

AS(SCAD)

2594

# കേരള സർക്കാർ

## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | സി1/277/2022/പജപവവിവ |
| 2 | വകുപ്പ് | പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ് |
| 3 | വിഷയം | ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷനിൽ നിന്നും [NSFDC] വായ്പ ലഭിക്കുന്നതിനായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് [KSDC] നൽകിയിട്ടുള്ള ഗ്യാരണ്ടി തുക വർദ്ധിപ്പിക്കുന്നത് -സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 05/12/2024 |
| 5 | i)ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | അതെ |
| | ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ളകുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ളകുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. സി. അനിൽ കുമാർ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. പുനീത് കുമാർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 10-12-2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി .ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 30-12-2024 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. ഒ. ആർ. കേളു |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 30-12-2024 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 31-12-2024 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷനിൽ [NSFDC] നിന്നും വായ്പ ലഭിക്കുന്നതിന്, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് [KSDC] നൽകിയിട്ടുള്ള 100 കോടി രൂപയുടെ സർക്കാർ ഗ്യാരണ്ടി, വർധിപ്പിക്കണമെന്നുള്ള KSDC മാനേജിംഗ് ഡയറക്ടറുടെ ശുപാർശ, ധനവകുപ്പ് നിർദ്ദേശിച്ച വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് നൽകാമോ എന്നതാണ് ഈ കുറിപ്പിലെ വിഷയം.

2. ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷൻ [NSFDC] നൽകുന്ന വായ്പകൾ നിശ്ചിത സമയത്തിനകം തിരിച്ചടയ്ക്കാവുന്ന സമയബന്ധിത പുനർവായ്പകളായി നൽകുക എന്നതാണ് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രധാന ദൗത്യം. ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷൻ വിവിധ പദ്ധതികളിലായി നൽകുന്ന തുക, KSDC സംസ്ഥാനത്തെ ഗുണഭോക്താക്കൾക്ക് പുനർവായ്പയായി നൽകുകയും, ദേശീയ കോർപ്പറേഷന്റെ കടബാധ്യത നിശ്ചിത ശതമാനം പലിശ സഹിതം ത്രൈമാസ ഗഡുക്കളായി അടച്ച് തീർക്കുകയും ചെയ്യുന്നു.

3. ഇത്തരത്തിൽ NSFDC നൽകുന്ന മൊത്തം വായ്പാ തുകയ്ക്ക് തുല്യമായ സംഖ്യയ്ക്ക് കോർപ്പറേഷന് [KSDC] സംസ്ഥാന സർക്കാർ ഗ്യാരണ്ടി ലഭ്യമാക്കേണ്ടതുണ്ട്. 13.08.2020-ലെ സ. ഉ. (കൈ) 21/2020/പജപവവിവ പ്രകാരം KSDC യുടെ ഗ്യാരണ്ടി തുക ₹ 30 കോടിയിൽ നിന്നും ₹ 100

കോടിയാക്കി ഉയർത്തി ഉത്തരവായിരുന്നു. 01.01.2024 വരെ NSFDC നൽകിയ ലോൺ, സർക്കാർ ഗ്യാരണ്ടി എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | |
|---|---|
| Government guarantee available as on 01.01.2024 | 10000 Lakh |
| NSFDC loan outstanding as on 01.01.2024 | 8654.82 Lakh |
| Available Margin | 1345.18 Lakh |
| NSFDC loan availed during the last quarter of the financial year 2023-2024 in the month of January, 2024(Date of Release: 23.01.2024) | 701.35 Lakh |
| Net margin available | 643.83 Lakh |

4. NSFDC ഫണ്ടുകളുടെ ഉയർന്ന തോതിലുള്ള ഉപയോഗം നിമിത്തം KSDC കഴിഞ്ഞ കുറെ വർഷങ്ങളായി വിതരണം ചെയ്യുന്ന വായ്പയിൽ ഗണ്യമായ വർദ്ധനവാണ് ഉണ്ടായിരിക്കുന്നത് എന്നും സർക്കാർ നൽകുന്ന ഗ്യാരണ്ടി തുകയിൽ കാര്യമായ വർദ്ധനവ് ഉണ്ടായാൽ മാത്രമേ ഗുണഭോക്താക്കളുടെ വർദ്ധിച്ചുവരുന്ന വായ്പ ആവശ്യങ്ങൾ നിറവേറ്റാനാവൂ എന്നും മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. ഇക്കാര്യത്തിൽ ധനവകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

'Finance' agrees to issue additional Government guarantee for an amount of Rs.150 cr for 5 years to Kerala State SC/ST Development Corporation for availing loan from NSFDC subject to the following terms and conditions of Government Guarantee:

i. Guarantee Commission @ 0.75% shall be remitted as per orders in G.O. (Ms) 487/04/Fin dated 16.10.2004 & Guarantee Act.

ii. Simple interest @ 12% shall be charged for delayed payments as specified in clause 5 of Government Order dtd 16.10.2004.

iii. Half yearly report shall be sent to Government in Finance Department with attested copies of chalans remitting Guarantee Commission & penal interest, if any, indicating details of guaranteed amount outstanding, guarantee commission payable (with Calculation Statement).

iv. Administrative Department should ensure the remittance of Guarantee Commission dues if any, before the execution of deed.

v. Since Guarantee Commission cannot be waived as per Guarantee Act, Administrative Department may evolve a proper mechanism for the strict payment of Guarantee Commission without any fault.

vi. The Guarantee Deed shall invariably contain the Govt Order No. & date of Government Guarantee, Amount & period of Guarantee & the Ceiling limit as per KCGG Act,2003 (as amended through Finance Act.2, 2022) & should be got vetted by Law Dept.

6) ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി.

## തീരുമാനിക്കേണ്ട വിഷയം

ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷനിൽ [NSFDC] നിന്നും വായ്പ ലഭിക്കുന്നതിന് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് [KSDC] 150 കോടി രൂപയുടെ അധിക സർക്കാർ ഗ്യാരണ്ടി 5 വർഷത്തേക്ക് (ആകെ 250 കോടി രൂപ) ധനവകുപ്പ് നിർദ്ദേശിച്ച വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാന സർക്കാരിൽ നിന്നും അനുവദിച്ച് നൽകാമോ?

**GOVERNMENT OF KERALA**
(SHRI. PINARAYI VIJAYAN MINISTRY)
NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1 | File Number | C1/277/2022/SCSTDD |
| 2 | Department | Scheduled Castes & Scheduled Tribes Development (C) Department |
| 3 | Subject | Enhancing the Government guarantee to the Kerala State Development Corporation for Scheduled Castes & Scheduled Tribes Ltd. (KSDC) for availing loan from the National Scheduled Castes Finance and Development Corporation (NSFDC) |
| 4 | Date of Chief Minister's order for placing before the Council | 05/12/2024 |
| 5 | i) Does the case involve financial commitments/implications.<br>ii) If the answer to the above is in the affirmative, whether Finance department has been consulted and their remarks incorporated in the Council Note | Yes<br><br>Yes |
| 6 | Are any other Department concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | No |
| 7 | Name of Additional secretary who submitted the Draft Note | Sri. C. Anil Kumar |
| 8 | Name of Additional Chief Secretary who approved the Draft Note | Sri. Puneet Kumar |
| 9 | Date of approval of the Draft Note for the Council by the Additional Chief Secretary | 10-12-2024 |
| 10 | Name of Chief Secretary who approved the Draft Note | Smt.Sarada Muraleedharan |
| 11 | Date of approval of the draft Note for the Council by the Chief Secretary | 30-12-2024 |
| 12 | Name of Minister who approved the Draft Note | Sri. O.R. Kelu |
| 13 | Date of approval of the Draft Note for the Council by the Minister | 30-12-2024 |
| 14 | Date of submission of fair copies | 31-12-2024 |
| 15 | Date of decision by the Council of Ministers | |
| 16 | Number and date of the G.O. Letter Communicating the decision | |

**NOTE FOR THE COUNCIL OF MINISTERS**

This note seeks the approval of the Council of Ministers for the proposal of the Managing Director, Kerala State Development Corporation for Scheduled Castes & Scheduled Tribes Ltd. (KSDC) to enhance the Government guarantee to KSDC from the existing amount of ₹ 100 Crore for availing loan from the National Scheduled Castes Finance and Development Corporation (NSFDC) .

2. The prime object of the Kerala State Development Corporation for Scheduled Castes & Scheduled Tribes Ltd. is to refinance the loan availed from NSFDC as term loan, which is to be repaid within a stipulated period. Thus, the term loan provided by the NSFDC under various schemes is refinanced by the Corporation (KSDC) and is repaid in quarterly instalments at specific rate of interest till the entire amount is repaid.

3. For availing such assistance, the Corporation (KSDC) is bound to give Government Guarantee to the NSFDC for an adequate amount which should be sufficient to cover the entire loan. As per G.O(MS) 21/2020/SCSTDD dated 13/08/2020,

Government have enhanced guarantee to the KSDC from ₹ 30 Crore to ₹ 100 Crore. The status of State Government Guarantee against the NSFDC loan availed as on 01.01.2024 is as follows:-

| | |
|---|---|
| Government guarantee available as on 01.01.2024 | 10000 Lakh |
| NSFDC loan outstanding as on 01.01.2024 | 8654.82 Lakh |
| Available Margin | 1345.18 Lakh |
| NSFDC loan availed during the last quarter of the financial year 2023-2024 in the month of January, 2024(Date of Release: 23.01.2024) | 701.35 Lakh |
| Net margin available | 643.83 Lakh |

4.The Managing Director, KSDC has reported that owing to the increased utilisation of the NSFDC funds, there is considerable rise in the amounts disbursed as loan and that the increased demand for loan can be met, only if Government Guarantee is enhanced substantially.

5. When consulted, the Finance Department has remarked the following:-

'Finance' agrees to issue additional Government guarantee for an amount of Rs.150 cr for 5 years to Kerala State SC/ST Development Corporation for availing loan from NSFDC subject to the following terms and conditions of Government Guarantee:

i. Guarantee Commission @ 0.75% shall be remitted as per orders in G.O. (Ms) 487/04/Fin dated 16.10.2004 & Guarantee Act.

ii. Simple interest @ 12% shall be charged for delayed payments as specified in clause 5 of Government Order dtd 16.10.2004.

iii. Half yearly report shall be sent to Government in Finance Department with attested copies of chalans remitting Guarantee Commission & penal interest, if any, indicating details of guaranteed amount outstanding, guarantee commission payable (with Calculation Statement).

iv. Administrative Department should ensure the remittance of Guarantee Commission dues if any, before the execution of deed.

v. Since Guarantee Commission cannot be waived as per Guarantee Act, Administrative Department may evolve a proper mechanism for the strict payment of Guarantee Commission without any fault.

vi. The Guarantee Deed shall invariably contain the Govt Order No. & date of Government Guarantee, Amount & period of Guarantee & the Ceiling limit as per KCGG Act,2003 (as amended through Finance Act.2, 2022) & should be got vetted by Law Dept.

6. The Hon'ble Chief Minister has ordered to place the matter before the Council of Ministers.

## POINT FOR DECISION

Whether an additional Government Guarantee be issued to the Kerala State Development Corporation for SC & ST (KSDC) for an amount of Rs.150 Crore for 5 years (a total guarantee of 250 crore) for availing loan from the National Scheduled Castes Finance and Development Corporation (NSFDC) subject to the conditions specified by the Finance Department?